# सम्बन्धमाभाषणपूर्वकम्

ആഭാഷണപൂർവകമായിരിക്കുന്ന സംബന്ധം. സംബന്ധം- സമ്യക്കായിരിക്കുന്ന ബന്ധം, നല്ല രീതിയിലുണ്ടാകുന്ന പരസ്പരബന്ധം. രണ്ടു വ്യക്തികൾ തമ്മിൽ പരസ്പരബന്ധമുണ്ടാകുന്നതിന്- ബന്ധുക്കളായി തീരുന്നതിന് ഏതെങ്കിലും തരത്തിലുള്ള സംഭാഷണം കാരണമായിത്തീരുന്നു. കാളിദാസമഹാകവിയുടെ **രഘുവംശം രണ്ടാം** സർഗത്തിലെ ഏതാനും ശ്ലോകങ്ങളിലൂടെ ശീർഷകത്തിൻറെ ഔചിത്യം സമർഥിക്കപ്പെട്ടിരിക്കുന്നു. രണ്ടാം സർഗത്തിൽ നന്ദിനിയെ പരിചരിക്കുന്ന ദിലീപനും നന്ദിനിയെ കടന്നുപിടിച്ച കുംഭോദരൻ എന്ന സിംഹവും തമ്മിലുണ്ടായ സംഭാഷണത്തെ വർണിക്കുന്ന ഏതാനും പദ്യങ്ങളാണ് പ്രതിപാദ്യം.

विश्वप्रसिद्ध: महाकवि: **भवति** कविकुलगुरु: कालिदास:। **पञ्चमहाकाव्येषु** रघुवंशं कुमारसम्भवं च **तेन** विरचितम्। रघुवंशमहा**काव्यस्य** द्वितीय**सर्गाद्** उद्धृतोयं पाठभाग:।

വിശ്വപ്രസിദ്ധനായ മഹാകവി **ആകുന്നു** കവികുലഗുരുവായ കാളിദാസൻ. **പഞ്ചമഹാകാവ്യങ്ങളിൽ** രഘുവംശവും കുമാരസംഭവവും **അദ്ദേഹത്തിനാൽ** രചിക്കപ്പെട്ടു[1]. രഘുവംശമഹാ**കാവ്യത്തിൻറെ** രണ്ടാം **സർഗത്തിൽനിന്നു**മെടുത്തതാകുന്നു ഈ പാഠഭാഗം.

Dr.Koramangalam Krishnakumar

दिलीप: **सूर्यवंशस्य** प्रबल: राजा **आसीत्**।अनपत्यता**दु:खेन** विषण्ण: दिलीप: **पत्न्या** सुदक्षिणया **साकं** **कुलगुरुं** वसिष्ठं **द्रष्टुम्** **अगमत्**।वसिष्ठ**वचनेन** पुत्र**लाभार्थं** सर्वाभीष्टप्रदायिनीं कामधेनुसुतां नन्दिनीम् **असेवत**।तत: एकविंशतितमे दिने **दिलीपस्य** भक्तिं परीक्षितुम् इच्छन्ती नन्दिनी हिमालयस्य किमपि **गह्वरं** **प्राविशत्**।**सपदि** केनचित् **सिंहेन** सा आक्रान्ता किल।तं सिंहं दृष्ट्वा राजा तस्य वधाय शरम् उद्धर्तुं उद्युक्त: अभवत्। किन्तु तस्य प्रयत्न: विफल: जात:।तदा सिंह: स: क: किमर्थम् अत्र तिष्ठति इत्यादिकं तं दिलीपं **मनुष्यवाचा** अवदत्। गुरो: धेनुं रक्षितुकाम: राजा स्वदेहं सिंहाय समर्पयितुं उद्युक्त:। एतस्मिन्नवसरे सिंहदिलीपयो: सम्भाषणमेव अत्र सङ्कलितम्।

ദിലീപൻ **സൂര്യവംശത്തിൻറെ(ലെ)** പ്രബലനായ രാജാവ് **ആയിരുന്നു.** മക്കൾ ഇല്ലാത്ത**ദു:ഖത്താൽ** വിഷണ്ണനായ ദിലീപൻ **പതിയോട്**[2] (സുദക്ഷിണയോട്) **ഒപ്പം** **കുലഗുരുവിനെ** വസിഷ്ഠനെ **കാണുന്നതിന്**[3] **പോയി.** വസിഷ്ഠ**വചനം** **ഹേതുവായിട്ട്** പുത്ര**ലാഭത്തിനായിക്കൊണ്ട്**[4] എല്ലാ

ആഗ്രഹങ്ങളും നിറവേറ്റുന്നവളെ, കാമധേനുവിൻറെ മകളെ, നന്ദിനിയെ പരിചരിച്ചു.[5] അതിനുശേഷം ഇരുപത്തിയൊന്നാം ദിവസം **ദിലീപൻറെ** ഭക്തിയെ **പരീക്ഷിക്കുന്നതിന്** ആഗ്രഹിച്ചു കൊണ്ട് നന്ദിനി ഹിമാലയത്തിൻറെ ഒരു **ഗുഹയിലേക്ക് പ്രവേശിച്ചു. പെട്ടെന്ന്** ഏതോ ഒരു **സിംഹത്തിനാൽ** അവൾ ആക്രമിക്കപ്പെട്ടു[6]. അതിനെ, സിംഹത്തിനെ, കണ്ടിട്ട് രാജാവ് **അതിൻറെ വധത്തിനായി ക്കൊണ്ട്** ശരം വലിച്ചെടുക്കുന്നതിന് തുനിഞ്ഞവൻ **ആയിത്തീർന്നു**. എന്നാൽ **അദ്ദേഹത്തിൻറെ** പ്രയത്നം വിഫലമായിതീർന്നു[7]. അപ്പോൾ സിംഹം അവൻ ആര് എന്തിനുവേണ്ടി ഇവിടെ നില്ക്കുന്നു മുതലായവയെകുറിച്ച് അദ്ദേഹത്തിനോട്, ദിലീപനോട് **മനുഷ്യസ്വരത്തിൽ** പറഞ്ഞു. ഈ അവസരത്തിൽ സിംഹദിലീപന്മാരുടെ സംഭാഷണം തന്നെ ഇവിടെ ചേർത്തിരിക്കുന്നത്.

---

## കുറിപ്പുകൾ

1 ഭാരവിയുടെ കിരാതാർജ്ജുനീയം, മാഘൻറെ ശിശുപാലവധം, ശ്രീഹർഷൻറെ നൈഷധീയചരിതം എന്നിവയാണ് മഹാകാവ്യങ്ങളായി പരിഗണി ക്കപ്പെടുന്ന മറ്റുകാവ്യങ്ങൾ.

2 अनपत्यताद**:खेन**.......................................... തൃതീയാ വിഭക്തിയുടെ എല്ലാ അർഥങ്ങളും ഇവിടെ പറയേണ്ടതുണ്ട്. തൃതീയാ ഹേതുവായി കൊണ്ട്,ആൽ, ഓട്,ഊടെയെന്നപി. **दु:खेन- ദുഃഖത്താൽ** पत्न्या **പതിയോട്. सह,साकं,समं,सार्धम्** എന്നീ അവ്യയങ്ങൾ തൃതീയാന്തങ്ങളായ പദങ്ങളുടെ കൂടെ മാത്രമേ പ്രയോഗിക്കുകയുള്ളൂ എന്നതും പറയേണ്ടതാണ്.

Dr.Koramangalam Krishnakumar

3 **द्रष्टुम्** ഇവിടെ അവ്യയങ്ങളുടെ ल्यबन्तम् तुमुन्नन्तम्, क्त्वान्तम् എന്നീ മൂന്നുഭേദങ്ങളും കാണിക്കണം.

4 ചതുർഥീവിഭക്തിയുടെ അർഥം ലഭിക്കുന്നതിന് अर्थ ചേർത്ത് പ്രയോഗിക്കാം. ഉദാ- पठनार्थम्, दर्शनार्थम्, क्रीडार्थम्,भोजनार्थम् ..............................

5 (ഇവിടെ പറയേണ്ടിയിരുന്നത് പരിചരിക്കുവാൻ തുടങ്ങി എന്നായിരുന്നു.) കാരണം അതിനുശേഷം ഇരുപത്തിയൊന്നാം ദിവസം എന്നു പറയുന്പോൾ പരിചരിച്ചു കഴിഞ്ഞതിനുശേഷമുള്ള ഇരുപത്തിയൊന്നാമത്തെ ദിവസമാണോ എന്ന സംശയം नन्दिनीम् असेवत। तत: എന്ന പ്രയോഗം കൊണ്ടുണ്ടാകാം.. വാസ്തവത്തിൽ നന്ദിനിയെ പരിചരിക്കുവാൻ തുടങ്ങിയതിൻറെ ഇരുപത്തിയൊന്നാം നാൾ എന്ന അർഥം കിട്ടാതിരിക്കുവാൻ असेवत എന്ന ഭൂതകാലപ്രയോഗം കാരണമായിത്തീരുന്നു. രഘുവംശം രണ്ടാം സർഗത്തിലെ 25 മത് പദ്യത്തിൽ इत्थं व्रतं धारयत: प्रजार्थं എന്നേ കാളിദാസനും പറഞ്ഞിട്ടുള്ളൂ.

6 ദിവ്യധേനുവായ നന്ദിനിപോലും ആക്രമിക്കപ്പെട്ടു എന്ന നിശ്ചയാർഥത്തെ കാണിക്കുവാനാണ് किल എന്ന അവ്യയം പ്രയോഗിച്ചിരിക്കുന്നത്.

7 സിംഹത്തെ വധിക്കുവാനുള്ള ദിലീപൻറെ ശ്രമങ്ങൾ കേവലം പാഴായിപോയി എന്നല്ല ചിത്രത്തിനെ വരച്ചതുപോലെ നിശ്ചലമായിത്തീർന്നു എന്നാണ് കവി പറഞ്ഞത്. (चित्रार्पितारम्भ इवावतस्थे।)

Black Ice Software LLC
Demo version

# सम्बन्धमाभाषणपूर्वकम्

## 2

**अथान्धकारं गिरिगह्वराणां दंष्ट्रामयूखैः शकलानि कुर्वन्।**
**भूयः स भूतेश्वरपार्श्ववर्ती किञ्चिद्विहस्यार्थपतिं बभाषे।।२-४६।।**

अन्व- अथेति। अथ गिरिगह्वराणामन्धकारं दंष्ट्रामयूखैः शकलानि कुर्वन् भूतेश्वरपार्श्ववर्ती सः किञ्चिद्विहस्यार्थपतिं भूयः बभाषे।२-४६।

**അർഥം**

अथ - അനന്തരം, അധികാരം സംശയം, വികല്പം, സമുച്ചയം എന്നീ അർഥങ്ങളിലും,പറഞ്ഞുവന്നതിന്റെ തുടർച്ചയെ കാണിക്കുവാനും,വാക്യാരംഭത്തിൽ മംഗളസൂചകമായും പ്രയോഗിക്കാവുന്ന അവ്യയം.(അവ്യയങ്ങൾക്ക് വിഭക്തിവചനങ്ങൾ ബാധകമല്ല.)*അഥാതോ സംശയേ സ്യാതാം അധികാരേ ച മംഗളേ/ വികല്പാനന്തര പ്രശ്ന കാർത്സ്ന്യാരംഭ സമുച്ചയേ* എന്ന് മേദിനീകോശത്തിൽ കാണുന്നു. ഇവിടെ अथ എന്നത് പറഞ്ഞുവന്നതിന്റെ തുടർച്ചയെ കാണിക്കുവാൻ ഉപയോഗിച്ചിരിക്കുന്നു. गिरिगह्वराणाम् -ष ब. व പർവതത്തിന്റെ ഭാഗമായുള്ള ഗുഹകളുടെ (ളിലെ) अन्धकारं - द्वि.ए.व ഇരുട്ടിനെ दंष्ट्रामयूखैः - तृ. ब. व ദംഷ്ട്രകളാകുന്ന കിരണങ്ങളെക്കൊണ്ട് शकलानि -द्वि.ब.व കഷ്ണങ്ങളെ कुर्वन् ചെയ്തിട്ട് भूतेश्वरपार्श्ववर्ती - प्र.ए.व പരമേശ്വരന്റെ സമീപത്തുനിൽക്കുന്ന सः- प्र.ए.व അവൻ किञ्चिद् -(അവ്യയം) അല്പം विहस्य (അവ്യയം) പരിഹാസപൂർവകം ചിരിച്ചിട്ട് अर्थपतिं - द्वि.ए.व രാജാവിനോട് भूयः- വീണ്ടും बभाषे -പറഞ്ഞു.

**Note-**

**गिरिगह्वराणाम् अन्धकारं दंष्ट्रामयूखैः शकलानि कुर्वन्** സിംഹം പശുവിനെയും കൊണ്ട് ഒരു ഗുഹയിലേക്കാണ് പ്രവേശിച്ചതെങ്കിലും അവന്റെ തേറ്റപ്പല്ലുകളുടെ ധവളിമ മറ്റ് ഗുഹകളെക്കൂടി പ്രകാശമാനമാക്കി എന്നുകരുതാം.

**भूतेश्वरपार्श्ववर्ती** - പരമേശ്വരൻ പഞ്ചഭൂതങ്ങൾക്കും അധിപനാകയാൽ ഭൂതേശ്വരൻ. ഭൂതേശ്വരന്റെ പാർശ്വത്തിൽ വർത്തിക്കുന്നവൻ (സ്ഥിതിചെയ്യുന്നവനാകയാൽ)സിംഹത്തിനെ മറ്റ് ആർക്കും പരാജയപ്പെടുത്തുവാൻ കഴിയില്ല എന്നു സൂചന.

**किञ्चिद्,भूयः** - രണ്ടും അവ്യയങ്ങൾ തന്നെ. **കിഞ്ചിദ്** ഈഷത് മനാഗ് അല്പേ. (അമരം3.4.8) മുഹുർ**ഭൂയ**: പുന: ശശ്വദ് അഭീക്ഷ്ണം അസകൃത് സമാ: (അമരം3.4.1)

**विहस्य** വി എന്ന ഉപസർഗത്തോടുകൂടിയ ഹസ് ധാതുവിന്റെ ല്യബന്തരൂപം. സിംഹം പരിഹസിച്ചുചിരിച്ചു എന്നതിലൂടെ രാജാവിന്റെ നിസ്സഹായാവസ്ഥ പൂർണമായും വ്യക്തമാകുന്നു.

**बभाषे।**വ്യക്തമായി പറയുക എന്ന അർഥമുള്ള ഭാഷ് ധാതു ലിട്. മധ്യമ പുരുഷഏകവചനം

Dr Koramangalam Krishnakumar

**Black Ice Software LLC**
*Demo version*

# सम्बन्धमाभाषणपूर्वकम्

## 3

**एकातपत्रं जगतः प्रभुत्वं नवं वयः कान्तमिदं वपुश्च।**
**अल्पस्य हेतोर्बहुहातुमिच्छन् विचारमूढः प्रतिभासि मे त्वम्।।**
**।।२-४६।।**

अन्व- एका इति। एकातपत्रं जगतः प्रभुत्वं नवं वयः इदं कान्तं वपुश्च अल्पस्य हेतोर्बहुहातुमिच्छन् त्वम् विचारमूढः प्रतिभासि मे ।

*പശുവിനെ രക്ഷിക്കുവാൻ പരിശ്രമിക്കുന്ന രാജാവ് വിഡ്ഢിയാണ് എന്ന് സിംഹം വാദിക്കുന്നു.ഇവിടെ പൂർവാർധത്തിൽ അദ്ദേഹത്തിന്റെ വർത്തമാനകാലാവസ്ഥ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.*

**एकातपत्रं** വെൺകൊറ്റക്കുട. **जगतः** ലോകത്തിന്റെ -തന്റെ അധീനതയിലുള്ള രാജ്യത്തിന്റെ **प्रभुत्वं** യജമാനത്വം. **नवं वयः** യൗവനം **इदं** ഈ **कान्तं वपुः** മനോഹരമായശരീരം **च** സമുച്ചയാർഥത്തിൽ ഉപയോഗിക്കുന്ന അവ്യയം. **अल्पस्य हेतोः** തുച്ഛമായതൊന്ന് കാരണമായി **बहु** അനേകം **हातुम्** ഉപേക്ഷിക്കുന്നതിന് **इच्छन्** ആഗ്രഹിക്കുന്നവനായ **त्वम्** അങ്ങ് **विचारमूढः** വീണ്ടുവിചാരമില്ലാത്തവൻ (ആണെന്ന്) **मे** എനിക്ക് **प्रतिभासि** തോന്നുന്നു.

**Note:-**

**एकातपत्रं** ആതപം സൂര്യപ്രകാശം,അതിൽനിന്ന് ത്രാണം ചെയ്യുന്നത് (രക്ഷിക്കുന്നത്)ആതപത്രം. കുട എന്ന് സാമാന്യാർഥം. അത് **ഏകാതപത്രം** ആകുമ്പോൾ രാജാവിന്റെ സ്ഥാനചിഹ്നങ്ങളിൽ ഒന്നാകുന്നു. വെൺകൊറ്റക്കുടയെന്നും പറയുമാറുണ്ട്.സാമന്തരാജാക്കന്മാരിൽനിന്നും ചക്രവർത്തിയെ വേർതിരിച്ചു നിർത്തുന്ന പ്രധാനഅടയാളവും കൂടിയത്രെ ഏകാതപത്രം. **ഏകാതപത്രം ജഗതഃ പ്രഭുത്വം** എന്നീ പ്രയോഗങ്ങളിലൂടെ ദിലീപൻ ചക്രവർത്തിയാണ് എന്ന് സൂചിതമായി. **नवं वयः** യൗവനം കൗമാരം പഞ്ചമാബ്ദാനാം പൗഗണ്ഡ്യം ദശമാവധി. കൈശോരമാപഞ്ചദശാത് യൗവനം ച തതഃ പരം.(സൂ- പ്രായശ്ചിത്തതത്വം).ആഷോഡശാദ്ഭവേദ്ബാലസ്തരുണസ്തത ഉച്യതേ. വൃദ്ധസ്സ്യാത് സപ്തതേരൂർധ്വം വർഷീയാൻ നവതേഃ പരം. എന്നും കാണുന്നു. രണ്ടായാലും പതിനാറ് വയസ്സു മുതൽ യൗവനമാരംഭിക്കുന്നു. **कान्तं** കാന്തഃ എന്നത് പുംലിംഗപ്രയോഗമാണെങ്കിലും മൂന്നു ലിംഗങ്ങളിലും പ്രയോഗമുണ്ട്. **वपुः** വപുഃ(സ്) എന്നത് നപുംസകലിംഗപ്രയോഗമാകുന്നു. **अल्पस्य हेतोः बहु हातुम् इच्छन्** പശുവിനെ രക്ഷിക്കുവാനായിക്കൊണ്ട് തനിക്കു ലഭ്യമായിരിക്കുന്ന ചക്രവർതിപദം, പരമാധികാരം, യൗവനം മുതലായ അനേകം ഗുണങ്ങളെ ഉപേക്ഷിക്കവാൻ ദിലീപൻ തയ്യാറാകുന്നു. അത് വിഡ്ഢിത്തമാണ് എന്ന് സിംഹം അഭിപ്രായപ്പെടുന്നു. സിംഹത്തിന്റെ ദൃഷ്ടിയിൽ പശു നിസ്സാരമായ ഒരു വസ്തുവാണ്. ആ ഒന്നിനുവേണ്ടി വിലയേറിയ അനേകം വസ്തുക്കളെ നഷ്ടപ്പെടുത്തുവാൻ ശ്രമിക്കുന്നത് മൂഢത്തരമാണ് എന്നത്രെ സിംഹപക്ഷം.

Dr.Koramangalam Krishnakumar